എ.വൈ.ആർ

സൂറ-11

# ഹൂദ്

وَقِيلَ يَٰٓأَرْضُ ٱبْلَعِى مَآءَكِ وَيَٰسَمَآءُ أَقْلِعِى وَغِيضَ ٱلْمَآءُ وَقُضِىَ ٱلْأَمْرُ
وَٱسْتَوَتْ عَلَى ٱلْجُودِىِّ ۖ وَقِيلَ بُعْدًا لِّلْقَوْمِ ٱلظَّٰلِمِينَ ٤٤

44 ഉത്തരവുണ്ടായി: അല്ലയോ ഭുവനമേ, നിന്റെ ജലം വിഴുങ്ങിക്കൊള്ളുക. അല്ലയോ വാനമേ, മഴവർഷം നിറുത്തിക്കൊള്ളുക. അങ്ങനെ ജലമൊക്കെയും വറ്റിപ്പോയി. വിധി നിറവേറ്റപ്പെട്ടു. കപ്പൽ ജൂദി മലയിൽ ചെന്നുതങ്ങി. ധർമധിക്കാരികളായ ജനത്തിനു മഹാനാശം! എന്നു വിളിയാളമുണ്ടായി.

وَنَادَىٰ نُوحٌ رَّبَّهُۥ فَقَالَ رَبِّ إِنَّ ٱبْنِى مِنْ أَهْلِى وَإِنَّ وَعْدَكَ ٱلْحَقُّ
وَأَنتَ أَحْكَمُ ٱلْحَٰكِمِينَ ٤٥

45 നൂഹ് തന്റെ നാഥനെ വിളിച്ച് ആവലാതിപ്പെട്ടു: നാഥാ എന്റെ പുത്രൻ എന്റെ കുടുംബത്തിൽ പെട്ടവനാണല്ലോ. നിന്റെ വാഗ്ദാനമാകട്ടെ, സത്യവുമാണ്. വിധികർത്താക്കളിലേറ്റം ഉന്നതനും ഉൽകൃഷ്ടനും നീ തന്നെയാകുന്നു.

قَالَ يَٰنُوحُ إِنَّهُۥ لَيْسَ مِنْ أَهْلِكَ ۖ إِنَّهُۥ عَمَلٌ غَيْرُ صَٰلِحٍ ۖ فَلَا تَسْـَٔلْنِ مَا لَيْسَ
لَكَ بِهِۦ عِلْمٌ ۖ إِنِّىٓ أَعِظُكَ أَن تَكُونَ مِنَ ٱلْجَٰهِلِينَ ٤٦

46 നാഥൻ ഉത്തരമരുളി. അല്ലയോ നൂഹ്! അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല തന്നെ. അവനൊരു ദുഷ്കർമമാകുന്നു. ആകയാൽ നിനക്ക് യാഥാർഥ്യമറിഞ്ഞുകൂടാത്ത കാര്യങ്ങൾ എന്നോടാവശ്യപ്പെടാതിരിക്കുക. അവിവേകികളിൽ പെട്ടുപോകരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു.

قَالَ رَبِّ إِنِّيٓ أَعُوذُ بِكَ أَنۡ أَسۡـَٔلَكَ مَا لَيۡسَ لِي بِهِۦ عِلۡمٞۖ وَإِلَّا تَغۡفِرۡ لِي
وَتَرۡحَمۡنِيٓ أَكُن مِّنَ ٱلۡخَٰسِرِينَ ﴿٤٧﴾

47 നൂഹ് ബോധിപ്പിച്ചു: എനിക്ക് യാഥാർഥ്യമറിഞ്ഞു കൂടാത്ത കാര്യങ്ങൾ നിന്നോടാവശ്യപ്പെടുന്നതിൽനിന്ന് ഞാൻ നിന്നോടുതന്നെ ശരണം തേടുന്നു. നീ എനിക്ക് പൊറുത്തു തരികയും കാരുണ്യമരുളുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ എല്ലാം നഷ്ടപ്പെട്ടവനായിപ്പോകും.

وَقِيلَ= (ഉത്തരവുണ്ടായി) പറയപ്പെട്ടു يَٰٓأَرۡضُ= അല്ലയോ ഭുവനമേ

ٱبۡلَعِي= നീ വിഴുങ്ങിക്കൊള്ളുക مَآءَكِ= നിന്റെ ജലം

وَيَٰسَمَآءُ= അല്ലയോ വാനമേ أَقۡلِعِي= (മഴവർഷം) നിറുത്തിക്കൊള്ളുക

وَغِيضَ ٱلۡمَآءُ= താഴ്ത്തപ്പെട്ടു, ചുരുക്കപ്പെട്ടു (ജലം ഒക്കെയും വറ്റിപ്പോയി)

وَقُضِيَ ٱلۡأَمۡرُ= (വിധിനിറവേറ്റപ്പെട്ടു) കാര്യം വിധിക്കപ്പെട്ടു

وَٱسۡتَوَتۡ عَلَى ٱلۡجُودِيِّۖ= (തങ്ങി) ഇരുന്നു ജൂദി പർവതത്തിന്മേൽ (കപ്പൽ)

وَقِيلَ= (വിളിയാളമുണ്ടായി) പറയപ്പെട്ടു بُعۡدٗا= മഹാനാശം

لِّلۡقَوۡمِ ٱلظَّٰلِمِينَ= ധർമധിക്കാരികളായ ജനത്തിന് وَنَادَىٰ نُوحٞ= നൂഹ് വിളിച്ചു

رَّبَّهُۥ= തന്റെ നാഥനെ فَقَالَ= (ആവലാതിപ്പെട്ടു) എന്നിട്ട് പറഞ്ഞു

رَبِّ= എന്റെ നാഥാ إِنَّ ٱبۡنِي= തീർച്ചയായും എന്റെ പുത്രൻ

مِنۡ أَهۡلِي= എന്റെ കുടുംബത്തിൽ പെട്ടവൻ ആണല്ലോ

وَإِنَّ وَعۡدَكَ= നിന്റെ വാഗ്ദാനം ആകട്ടെ ٱلۡحَقُّ= സത്യമാകുന്നു

وَأَنتَ= നീ തന്നെയാകുന്നു

أَحۡكَمُ ٱلۡحَٰكِمِينَ= വിധികർത്താക്കളിൽ ഏറ്റം വലിയ വിധികർത്താവ്

(ഉന്നതനും ഉൽകൃഷ്ടനും)

قَالَ= (നാഥൻ ഉത്തരമരുളി) പറഞ്ഞു يَٰنُوحُ= അല്ലയോ നൂഹ്

إِنَّهُۥ= തീർച്ചയായും അവൻ لَيۡسَ= (തന്നെ) അല്ല

مِنۡ أَهۡلِكَۖ= നിന്റെ കുടുംബത്തിൽ പെട്ടവൻ

إِنَّهُۥ عَمَلٌ غَيۡرُ صَٰلِحٖۖ= തീർച്ചയായും അവൻ ഒരു നല്ലതല്ലാത്ത (ദുഷ്) കർമം ആകുന്നു

فَلَا تَسۡـَٔلۡنِ= ആകയാൽ നീ എന്നോട് ചോദിക്കാ(ആവശ്യപ്പെടാ)തിരിക്കുക

مَا لَيْسَ لَكَ بِهِۦ عِلْمٌ= യാതൊന്ന് നിനക്കറിവില്ലയോ അത്

(നിനക്ക് യാഥാർഥ്യം അറിഞ്ഞുകൂടാത്ത കാര്യങ്ങൾ)

إِنِّىٓ أَعِظُكَ= തീർച്ചയായും ഞാൻ നിന്നെ ഉപദേശിക്കുന്നു

أَن تَكُونَ= (ആയിപ്പോകരുതെന്ന്) നീ ആകുന്നത്

مِنَ ٱلْجَـٰهِلِينَ= അവിവേകികളിൽ പെട്ടവൻ قَالَ= (നൂഹ് ബോധിപ്പിച്ചു) പറഞ്ഞു

رَبِّ= എന്റെ നാഥാ إِنِّىٓ أَعُوذُ بِكَ= ഞാൻ നിന്നോടു(തന്നെ) ശരണം തേടുന്നു

أَنْ أَسْـَٔلَكَ= (ആവശ്യപ്പെടുന്നതിൽനിന്ന്) ഞാൻ നിന്നോടു ചോദിക്കുന്നത്

مَا لَيْسَ لِى بِهِۦ عِلْمٌ= യാതൊന്ന് എനിക്കറിവില്ലയോ അത് (എനിക്ക് യാഥാർഥ്യം

അറിഞ്ഞുകൂടാത്ത കാര്യങ്ങൾ)

وَإِلَّا تَغْفِرْ لِى= നീ എനിക്ക് പൊറുത്തു തരുന്നില്ലെങ്കിൽ

وَتَرْحَمْنِىٓ= (ചെയ്യുന്നില്ലെങ്കിൽ) നീ എനിക്ക് കാരുണ്യമരുളുകയും

أَكُن= ഞാൻ ആയിപ്പോകും مِّنَ ٱلْخَـٰسِرِينَ= എല്ലാം നഷ്ടപ്പെട്ടവ(ൻ)രിൽപ്പെട്ടവൻ

**44:** നൂഹ് നബിയുടെ കപ്പൽ പ്രളയ ജലത്തിൽ ഒഴുകി നടന്നു. അഞ്ചുമാസം, ആറു മാസം എന്നൊക്കെ കഥകളിൽ പറയുന്നുണ്ടെങ്കിലും ഇത്രകാലമെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. കപ്പലിലുണ്ടായിരുന്നവരുടെ എണ്ണവും കൃത്യമായി പറയുന്നില്ല. എൺപതുപേർ എന്ന് ചില നിവേദനങ്ങളിലുണ്ട്. പ്രളയതാണ്ഡവം അവസാനിക്കാൻ അല്ലാഹു നിശ്ചയിച്ച അവധിയെത്തിയപ്പോൾ മഴമാറി. ഭൂതലത്തിൽനിന്ന് വെള്ളമിറങ്ങി. നൂഹ് നബിയുടെ പെട്ടകം ജൂദിമലക്കു മുകളിലായിരുന്നു. വെള്ളം താണപ്പോൾ കപ്പൽ അതിന്മേൽ തങ്ങി. നൂഹ് നബിയും ശിഷ്യന്മാരും കരക്കിറങ്ങി.

പ്രളയം അവസാനിച്ചു എന്ന ആശയം അവതരിപ്പിക്കുന്നത് وَقِيلَ يَـٰٓأَرْضُ ٱبْلَعِى مَآءَكِ وَيَـٰسَمَآءُ أَقْلِعِى وَغِيضَ ٱلْمَآءُ എന്ന വാക്കുകളിലാണ്. വായിലുള്ളത് തൊണ്ടയിലൂടെ താഴോട്ടിറങ്ങി എന്നർഥമുള്ള بلع യിൽനിന്നുള്ള ശാസനക്രിയയാണ് ٱبْلَعِى. മതിയാക്കുക, അടങ്ങുക, നിർത്തുക എന്നെല്ലാം അർഥമുള്ള ശാസനക്രിയ യാണ് أَقْلِعِى. മഴയുടെ ശമനവും ജലത്തിന്റെ ഇറക്കവും സാവകാശം സംഭവിച്ച സ്വാഭാവിക പ്രതിഭാസമല്ലെന്നും അല്ലാഹുവിന്റെ സവിശേഷ ഉത്തരവുപ്രകാരം സംഭവിച്ചതാണെന്നും ഈ പദപ്രയോഗങ്ങൾ ധ്വനിപ്പിക്കുന്നു. വറ്റി, കുറഞ്ഞു എന്ന അർഥമുള്ള غاضയിൽനിന്നുള്ള കർമണി പ്രയോഗമാണ് غيض. സകർമകമായും അകർമകമായും غاض ഉപയോഗിക്കും. إستوى യുടെ ഭാഷാർഥം സമമായി എന്നാണ്. അതിന്മേൽ ഇരുന്നു, സ്ഥിരമായിനിന്നു, അടങ്ങിനിന്നു എന്നൊക്കെയാണ് إستوى عليه യുടെ പ്രയോഗാർഥം. അകന്നു എന്നർഥമുള്ള بَعُدَയുടെയും നശിച്ചു, മരിച്ചു എന്നർഥമുള്ള بَعِدَയുടെയും ക്രിയാമൂലമാണ് بُعْدٌ. ഇവിടെ بَعِدَ യിൽനിന്നുള്ളതായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. പ്രാർഥനയുടെയും ശാപത്തിന്റെയും ആശംസയുടെയും നന്ദി പ്രകടനത്തിന്റെയുമൊക്കെ സന്ദർഭങ്ങളിൽ ഇത്തരം ക്രിയാമൂലങ്ങളെ (مصدر) കർമസ്ഥാനത്ത് ഉപയോഗിക്കുക അറബി ഭാഷയിൽ സാധാരണമാണ്. സംഭവിക്കട്ടെ എന്നോ സംഭവിച്ചുവല്ലോ എന്നോ ആണ് അപ്പോൾ അതിനർഥം. ഉദാ: شكرًا. ധിക്കാരികൾ നശിച്ചു കഴിഞ്ഞെന്നും ഈ നാശം തന്നെയാണവരർഹിക്കുന്നതെന്നുമാണ് ഇവിടെ بُعْدًا لِّلْقَوْمِ ٱلظَّـٰلِمِينَ എന്ന

വാക്യത്തിന്റെ താൽപര്യം. وَقُضِيَ ٱلْأَمْرُ ന്റെ ഭാഷാർഥം കാര്യം വിധിക്കപ്പെട്ടു. വിധിക്കപ്പെട്ട കാര്യം നടപ്പിലാക്കപ്പെട്ടു എന്ന അർഥത്തിലാണ് സാധാരണ ഉപയോഗം. വിധിച്ചു എന്നും വിധി നടത്തി എന്നും അർഥമുള്ള പദമാണ് قضى.

കപ്പൽ തങ്ങിയ ജൂദി മൂസിലിൽ ഉള്ള ഒരു മലയാണെന്നും അതല്ല, ഹിജാസിൽ ഉള്ള മലയാണെന്നും അഭിപ്രായങ്ങളുണ്ട്. കൂടുതൽ പ്രാമാണികവും പ്രബലവുമായിട്ടുള്ളത് അറാറത്ത് പർവത നിരകളിൽപെട്ട ഒരുമലയാണ് ജൂദ് എന്നതാകുന്നു. കിഴക്കൻ തുർക്കിയിൽ ഇറാൻ–അർമീനിയൻ അതിർത്തി പ്രദേശത്ത് അർമീനിയൻ പീഠഭൂമി മുതൽ കുർദിസ്ഥാൻവരെ നീണ്ടു കിടക്കുന്ന മലനിരയാണ് അറാറത്ത്. ഇക്കൂട്ടത്തിൽ ഇബ്നു ഉമർ ദ്വീപിന് വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു മല ഇപ്പോഴും ജൂദി എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. അറാറത്തിലാണ് നൂഹിന്റെ പെട്ടകം ചെന്നെത്തിയതെന്ന് ബൈബിളും പറയുന്നു. അറാറത്തിൽ 14000 അടി ഉയരത്തിൽ ഒരു കപ്പലിന്റേതാണെന്ന് തോന്നിക്കുന്ന അവശിഷ്ടങ്ങൾ ആധുനിക തുർക്കി സഞ്ചാരികൾ കണ്ടെത്തിയതായി അവകാശപ്പെടുന്നു. ക്രിസ്തുവിന് മുമ്പ് ബാബിലോണിയൻ ഐതിഹ്യങ്ങളെ ആധാരമാക്കി ബെറാസസ് എഴുതിയ കഥകളിലും നൂഹിന്റെ പെട്ടകം ജൂദി പർവതത്തിൽ തങ്ങിയതായി പറയുന്നുണ്ട്. പുരാതന ഗ്രീക്ക് ചരിത്രകാരനായ ബൈഡിനസിന്റെ ഗ്രന്ഥത്തിലും ഇതേകാര്യം പരാമർശിക്കുന്നു. പുരാതന കാലത്ത് ഇറാഖിലെ ധാരാളം ആളുകൾ നൂഹിന്റെ പെട്ടകത്തിന്റെ അവശിഷ്ടം എന്ന പേരിൽ മരക്കഷ്ണങ്ങൾ സൂക്ഷിച്ചിരുന്നതായും രോഗശമനത്തിനുവേണ്ടി അത് അരച്ചു കുടിച്ചിരുന്നതായും അദ്ദേഹം പറയുന്നു.

നൂഹ് നബിയുടെ കാലത്തെ പ്രളയം ഭൂഗോളത്തെ സമ്പൂർണമായി ഗ്രസിച്ചിരുന്നു എന്നാണ് പൊതുവിൽ പറയപ്പെടുന്നത്. ഖുർആൻ അങ്ങനെ പറയുന്നില്ല. അക്കാലത്ത് മനുഷ്യവർഗം ഇന്നത്തെപ്പോലെ പെരുകിയിട്ടില്ലായിരുന്നു. ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക എന്നീ വൻകരകളുടെ സംഗമസ്ഥാനമായ പശ്ചിമേഷ്യയിലെ ഇറാഖിൽ പരിമിതമായിരുന്നു അവരുടെ ആവാസം. അതുകൊണ്ട് നൂഹ് നബിയുടെ ജനതയെ ശിക്ഷിക്കാൻ ലോകം മുഴുവൻ പ്രളയമുണ്ടാകേണ്ട കാര്യമുണ്ടായിരുന്നില്ല. എങ്കിലും ശിക്ഷിക്കപ്പെട്ടവർക്ക് പലായനം ചെയ്ത് രക്ഷപെടാനാവാത്ത വിധം വ്യാപകമായിരുന്നു അതെന്ന് സ്പഷ്ടമാകുന്നു.

**45:** നൂഹ് നബിയുടെ ഈ പ്രാർഥന കപ്പൽ ജൂദി പർവതത്തിൽ അണഞ്ഞ ശേഷമായിരുന്നുവെന്നും അല്ല, മകൻ കണ്ണിൽനിന്നും മറഞ്ഞപ്പോഴായിരുന്നുവെന്നും രണ്ടഭിപ്രായമുണ്ട്. മകൻ ഈ ലോകത്ത് ശിക്ഷിക്കപ്പെട്ടു എന്ന് ഉറപ്പായപ്പോൾ, ഇനി പരലോകത്തെങ്കിലും തന്റെ പുത്രൻ എന്ന നിലയിൽ അവന്നു രക്ഷ നൽകണേ എന്നു പ്രാർഥിക്കുകയാണദ്ദേഹമെന്ന് ആദ്യത്തെ വ്യാഖ്യാനക്കാർ കരുതുന്നു. രണ്ടാമത്തെ അഭിപ്രായപ്രകാരം ഈ സൂക്തം 43–ാം സൂക്തവുമായി ബന്ധപ്പെട്ടതാണ്. മകൻ തിരമാലകൾക്കിടയിൽ മറഞ്ഞപ്പോഴും അവന്റെ രക്ഷയിൽ ആശവെടിയാതെ നൂഹ്(അ) പ്രാർഥിച്ചു: നാഥാ എന്റെ മകൻ എന്റെ കുടുംബത്തിൽ പെട്ടവനാണല്ലോ. എന്റെ കുടുംബത്തിന് നീ രക്ഷ വാഗ്ദാനം ചെയ്തതാണ്. നീയാവട്ടെ വാഗ്ദാനം പൂർണമായി പാലിക്കുന്നവനുമാണ്. എന്നിട്ടും എന്റെ മകൻ നശിപ്പിക്കപ്പെടുന്നതെന്താണ്? വാഗ്ദാന പ്രകാരം അവനെ രക്ഷിച്ച് എന്റെ അടുത്തെത്തിക്കേണമേ! നിന്റെ വിധിക്ക് മാറ്റമില്ലെന്നെനിക്കറിയാം. വിധികർത്താക്കളിൽ ഏറ്റം നീതിനിഷ്ഠനും ന്യായസ്ഥനുമാണല്ലോ നീ. എങ്കിലും ഞാൻ അപേക്ഷിക്കുകയാണ്.

മകൻ പ്രളയത്തിൽ അപ്രത്യക്ഷമായതു പരാമർശിച്ച ശേഷം ഈ പ്രാർഥന ഉദ്ധ

രിക്കുന്നതിനുമുമ്പ് വിശ്വാസികളുടെ രക്ഷയും ധിക്കാരികളുടെ സമ്പൂർണനാശവും പ്രസ്താവിച്ചത്, നൂഹ് നബിയുടെ മകനും ആ നാശത്തിൽ ഉൾപ്പെട്ടുവെന്നും മലയിൽ കയറി രക്ഷപ്പെടാമെന്ന അവന്റെ വിചാരം വ്യാമോഹം മാത്രമായിരുന്നുവെന്നും സൂചിപ്പിക്കാനാണ്.

നൂഹ് നബിയുടെ പ്രാർഥനയുടെ സന്ദർഭം ഏതായിരുന്നാലും അല്ലാഹുവിന്റെ മറുപടി രണ്ടു സന്ദർഭങ്ങൾക്കും സാധുവാകുന്നു. മകന്റെ രക്ഷ തേടുന്നതിനു നൂഹ്(അ) ഒന്നാമതായി ചൂണ്ടിക്കാണിക്കുന്നത് അവൻ അല്ലാഹു രക്ഷ വാഗ്ദാനം ചെയ്ത തന്റെ കുടുംബത്തിൽ പെട്ടവനാകുന്നു എന്നതാണ്. إِنَّهُۥ لَيْسَ مِنْ أَهْلِكَ (അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല) എന്നു പറഞ്ഞുകൊണ്ട് ഈ ന്യായം അടിസ്ഥാനപരമായിത്തന്നെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. നിന്റെ മകനല്ല എന്നു പറയുന്നില്ല. പുത്രത്വം (بنوة) അംഗീകരിച്ചുകൊണ്ടുതന്നെ കുടുംബത്വം –أهلية– നിഷേധിച്ചിരിക്കുകയാണ്. വ്യക്തിയുടെ പിതൃത്വവും പുത്രത്വവും ഒരു കാരണവശാലും അവനിൽനിന്ന് നീങ്ങിപ്പോവുകയില്ല. പിതൃത്വത്തിന്റെയും പുത്രത്വത്തിന്റെയും താൽപര്യങ്ങൾ പൂർത്തീകരിക്കപ്പെടുമ്പോഴേ കുടുംബം ഉണ്ടാകൂ. പുത്രനെ നല്ലനിലയിൽ വളർത്തുകയും അവന്റെ ഇഹപരനന്മക്കുവേണ്ടത് ഒരുക്കി കൊടുക്കുകയും പിതൃത്വത്തിന്റെ താൽപര്യമാണ്. പിതാവിനെ അനുസരിക്കുക, സേവിക്കുക, അദ്ദേഹത്തിന്റെ ആദർശ വിശ്വാസങ്ങളും സംസ്കാരവും സ്വാംശീകരിക്കുക തുടങ്ങിയ കാര്യങ്ങൾ പുത്രനാകുന്നതിന്റെ താൽപര്യങ്ങളാണ്. ഈ താൽപര്യങ്ങൾ അവഗണിച്ചുകൊണ്ട് അതിനുവിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്ന പിതാവും പുത്രനും തമ്മിൽ രക്തബന്ധം നിലനിൽക്കുമെങ്കിലും കുടുംബ ബന്ധമില്ല. ബന്ധവിഛേദം പ്രകടമാകുന്ന അവസ്ഥയാണ് പിതാവും പുത്രനും പരസ്പരം നിഷേധിക്കുന്ന മതങ്ങളിൽ അംഗങ്ങളാവുന്നത്. ഇസ്ലാമിക നിയമമനുസരിച്ച് വിരുദ്ധമതങ്ങളിൽ അംഗങ്ങളാകുന്ന പിതാവിനും പുത്രനും ദായധനത്തിൽ പരസ്പരം അവകാശമുണ്ടായിരിക്കുകയില്ല. ദാനമായോ വസ്വിയ്യത്തായോ തന്റെ സ്വത്തിൽനിന്നൊരുഭാഗം നൽകാൻ അനുവാദമുണ്ട്.

പ്രവാചകന്മാരുടെ കാര്യത്തിൽ വിശേഷിച്ചും അവരുടെ കുടുംബം സത്യവിശ്വാസികളാണ്. സത്യവിശ്വാസം കൈക്കൊള്ളുന്നില്ലെങ്കിൽ പുത്രന്മാരും പിതാക്കളും വരെ കുടുംബത്തിനന്യരാകുന്നു. നൂഹ് നബിയുടെയും ഇബ്റാഹീം നബിയുടെയും ചരിത്രം അതു സാക്ഷ്യപ്പെടുത്തുന്നു. അത്തരം പിതാക്കൾക്കും പുത്രന്മാർക്കും വേണ്ടി പ്രാർഥിക്കുന്നതുപോലും ഭൂഷണമല്ല. ഈയടിസ്ഥാനത്തിലാണ് നൂഹിന്റെ പുത്രൻ അദ്ദേഹത്തിന്റെ കുടുംബത്തിൽ പെട്ടവനല്ല എന്ന് ഖുർആൻ പറയുന്നത്. ഈയർഥത്തിൽതന്നെയാണ് സൽമാനുൽ ഫാരിസിയെക്കുറിച്ച് നബി(സ) ഇങ്ങനെ പ്രസ്താവിച്ചതും: سلمان منا آل البيت സൽമാൻ നമ്മിൽ പെട്ട കുടുംബാംഗമാകുന്നു.

إِنَّهُۥ عَمَلٌ غَيْرُ صَٰلِحٍ എന്നാണ് രണ്ടാമതായി പറയുന്നത്. നല്ലതല്ലാത്ത കർമം എന്നാണതിന്റെ ഭാഷാർഥം. ഒരാളിൽ നല്ലതോ ചീത്തയോ ആയ ഒരു ഗുണം തികഞ്ഞാൽ അയാൾ ആ ഗുണമായി വിളിക്കപ്പെടുക അറബിഭാഷയിൽ അപൂർവമല്ല. വിട്ടുവീഴ്ചയില്ലാത്ത നീതിമാനായ സൈദ് എന്ന അർഥത്തിൽ زيد عدل എന്നു പറയും. അവൻ പരമദുഷ്ടനാണ്, അല്ലെങ്കിൽ ദുഷ്കർമങ്ങൾ മാത്രം ചെയ്യുന്നവനാണ് എന്നാണിവിടെ വിവക്ഷ. അവനെങ്ങനെയാണ് പ്രവാചകന്റെ കുടുംബമാവുക? പ്രവാചകന്റെ ബന്ധുത്വം രക്തത്തിലൂടെ പകർന്നുകിട്ടുന്നതു മാത്രമല്ല; വിശ്വാസത്തിലൂടെയും സംസ്കാരത്തിലൂടെയും ആർജിക്കേണ്ടത് കൂടിയാണ്. അതിന് സന്നദ്ധരാവാത്തവർ രക്തത്തിലൂടെ കിട്ടിയ ബന്ധത്തെ കൂടി നശിപ്പിക്കുന്നു. പ്രവാചകപുത്രനായി അദ്ദേഹത്തിന്റെ ഗൃഹത്തിൽ ജനിക്കുന്നത് തീർച്ചയായും മഹാഭാഗ്യം തന്നെ. സത്യവും

ജ്ഞാനവും ധാർമിക സംസ്കാരവും ആർജിക്കാൻ ലഭിക്കുന്ന സുവർണാവസരം കൂടിയാണിത്. പ്രവാചക ഗൃഹത്തിൽ ചെകുത്താന്റെ പുത്രനായി വളരുന്നത് ദൗർഭാഗ്യത്തിന്റെ കൊടുമുടിയും പരമനിന്ദ്യമായ അവസ്ഥയുമാകുന്നു. നൂഹ് നബിയുടെ പുത്രൻ ന്യായമായി അർഹിക്കുന്നതെന്താണെന്ന് അദ്ദേഹത്തെക്കാൾ ഏറ്റം നന്നായും വ്യക്തമായും അറിയുന്നത് അല്ലാഹുവാണ്. അതനുസരിച്ച് അവൻ അർഹിക്കുന്നത് വിധിച്ചുകഴിഞ്ഞിരിക്കുന്നു. നൂഹ് അവന്റെ പിതാവും പ്രവാചകനുമൊക്കെയാണെങ്കിലും ശരി, തനിക്കറിഞ്ഞു കൂടാത്ത കാര്യങ്ങൾ അല്ലാഹുവിനോടാവശ്യപ്പെട്ടുകൂടാ. വൈകാരികത ബൗദ്ധിക യാഥാർഥ്യങ്ങളെക്കാളും നൈതിക മൂല്യങ്ങളെക്കാളും മികച്ചു നിൽക്കുമ്പോഴാണ് അത്തരം വിവേകശൂന്യമായ ആവശ്യം ഉന്നയിക്കാൻ പ്രേരിതനാവുക. പ്രവാചകൻ ഒരിക്കലും അത്തരം വികാരാവേശങ്ങൾക്ക് അടിപ്പെട്ടുകൂടാ എന്നുപദേശിച്ചുകൊണ്ടാണ് അല്ലാഹു ആ വിഷയം ഉപസംഹരിക്കുന്നത്. جهل അജ്ഞത, മൂഢത, അവിവേകം തുടങ്ങിയ അർഥങ്ങളിലാണ് സാധാരണ ഉപയോഗിക്കാറുള്ളതെങ്കിലും അതിന്റെ മൗലികമായ അർഥം വികാരത്തിനടിപ്പെടുക എന്നാണെന്ന് ഭാഷാഭിജ്ഞർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രവാചകന്മാരുമായും പുണ്യാത്മാക്കളുമായും ഒക്കെയുള്ള വംശബന്ധംകൊണ്ട് മാത്രം വിശുദ്ധരാവുകയും പാരത്രിക വിജയം നേടുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നവർ ഇന്നുമുണ്ട്. തങ്ങളുടെ പേരിൽ വല്ല കേസുമുണ്ടെങ്കിൽ തന്നെ പുണ്യാത്മാക്കളും പ്രവാചകന്മാരും അല്ലാഹുവിങ്കൽ ശിപാർശ ചെയ്തു രക്ഷപ്പെടുത്തിക്കൊള്ളുമെന്നാണ് വിചാരം. ഇതൊക്കെ വെറും വ്യാമോഹമാണെന്നതിന്റെ അനിഷേധ്യ സാക്ഷ്യമാണ് നൂഹ് നബിയുടെ പുത്രന്റെ ദുരന്തം. രക്ഷയർഹിക്കുന്നവരാണോ എന്നറിഞ്ഞു കൂടാത്തവർക്കുവേണ്ടി പ്രവാചകൻ അല്ലാഹുവിനോട് രക്ഷ തേടുന്നത് തന്നെ നിരോധിച്ചിരിക്കുന്നു. കൂടാതെ, അനുമതിയില്ലാതെ അവങ്കൽ ശിപാർശ ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നും –لَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ– പരമകാരുണികനിൽനിന്ന് അനുമതിലഭിക്കുകയും സാധുവായതുമാത്രം പറയുകയും ചെയ്യുന്നവർക്കു മാത്രമേ അവന്റെ മുമ്പിൽ സംസാരിക്കാനാകൂ. –لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ ٱلرَّحْمَٰنُ وَقَالَ صَوَابًا– എന്നും ഖുർആൻ പ്രസ്താവിക്കുന്നുണ്ട്.

അല്ലാഹുവിന്റെ വിമർശനം നൂഹ് പൂർണാർഥത്തിൽ തന്നെ ഉൾക്കൊണ്ട് ഉടനെ കുറ്റം സമ്മതിച്ചു പശ്ചാത്താപവിവശനായി. പശ്ചാത്താപത്തിന്റെ (توبة) രണ്ട് അടിസ്ഥാന ഘടകങ്ങളും മുഴച്ചു കാണുന്നതായിരുന്നു അദ്ദേഹത്തിന്റെ തൗബ. കുറ്റം ആവർത്തിക്കുകയില്ല എന്ന ദൃഢനിശ്ചയമാണ് ഒന്നാമത്തേത്. എനിക്കറിവില്ലാത്തകാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽനിന്ന് ഞാൻ നിന്നിൽ തന്നെ ശരണം തേടുന്നു. إِنِّىٓ أَعُوذُ بِكَ أَنْ أَسْـَٔلَكَ مَا لَيْسَ لِى بِهِۦ عِلْمٌ എന്ന വാക്യം പ്രതിനിധാനം ചെയ്യുന്നതതാണ്. നിന്നോടു ചോദിക്കുന്നതിൽനിന്ന് നിന്നോടു തന്നെ ശരണം തേടുന്നു എന്ന വാക്യം, ഞാൻ സ്വന്തം നിലയിൽ തീരെ എളിയവനും അജ്ഞനും അപ്രാപ്തനുമാണെന്നും ജ്ഞാനവും സന്മാർഗവും അതിൽനിലകൊള്ളാനുള്ള സ്ഥൈര്യവും എനിക്ക് ലഭിക്കേണ്ടത് നിന്നിൽനിന്നു തന്നെയാണെന്നുമുള്ള എളിമ നിറഞ്ഞ അടിയറവിനെ കൂടി ധ്വനിപ്പിക്കുന്നു.

ചെയ്തുപോയ തെറ്റിലുള്ള ഖേദവും മാപ്പപേക്ഷയുമാണ് രണ്ടാമത്തെ അടിസ്ഥാന ഘടകം. നീ എനിക്കു പൊറുത്തു തരികയും കാരുണ്യമരുളുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ എല്ലാം നഷ്ടപ്പെട്ടവനായിപ്പോകും –وَإِلَّا تَغْفِرْ لِى وَتَرْحَمْنِىٓ أَكُن مِّنَ ٱلْخَٰسِرِينَ– എന്ന വാക്യത്തിൽ വിളങ്ങുന്നത് തൗബയിലെ ഖേദവും മാപ്പപേക്ഷയുമാണ്. ■